നൽകുന്നത് സംബന്ധിച്ചുള്ളത്. ഇത് പ്രാബല്യത്തിലുണ്ടായിരുന്ന ധാരണ പ്രകാരമുള്ള മാലിന്യ നീക്കം സംബന്ധിച്ച് മാത്രമാണ്. അത് നിയമ പ്രകാരം കെ.എം.എം.എൽ. പാലിക്കേണ്ടതായതുകൊണ്ടാണ് ഉൾപ്പെടുത്തിയത്. കൂടാതെ ഗ്രീൻ ട്രിബ്യൂണലിൽ നൽകിയിരിക്കുന്ന കേസിലെ ഒരപേക്ഷകൂടിയാണിത്. കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് മാലിന്യം നൽകുന്നത് നിർത്തിവയ്ക്കാനായി നിർദ്ദേശം നൽകിയതിനുശേഷം ഗ്രീൻ ട്രിബ്യൂണൽ നിർദ്ദേശപ്രകാരമല്ലാതെ ഒരു യോഗവും നടത്തിയിട്ടില്ല. മാലിന്യം നീക്കം ചെയ്യുന്നതിന് കമ്പനിക്ക് അധിക ചെലവ് ഉണ്ടാകുന്നുണ്ട്. എന്നാൽ അപകടകരമായ അയൺ ഓക്സൈഡ് മാലിന്യം മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശ പ്രകാരം കൈകാര്യം ചെയ്യേണ്ടത് നിയമപ്രകാരം കമ്പനിയുടെ ഉത്തരവാദിത്തമാണ്.

കടലാടിപ്പാറയിൽ ബോക്സൈറ്റ് ഖനനം

258 (2496) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കിനാനൂർ - കരിന്തളം പഞ്ചായത്തിലെ കടലാടിപ്പാറയിൽ ബോക്സൈറ്റ് ഖനനത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് കമ്പനിയുടെ അപേക്ഷ പ്രകാരമാണ് ഇത്തരത്തിൽ നടപടികൾ തുടങ്ങാൻ ആരംഭിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കിനാനൂർ വില്ലേജിൽ റീ-സർവ്വേ നമ്പർ 198/പാർട്ട് ഉൾപ്പെടുന്ന 80.9370 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ജി.ഒ. (എംഎസ്.) 54/07/ഐ.ഡി. തീയതി 25-4-2007 പ്രകാരം ബോക്സൈറ്റ് ഖനനത്തിന് മെ. ആഷാപുര മൈൻകെം ലിമിറ്റഡ്, മുംബൈ എന്ന കമ്പനിക്ക് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും വ്യാപക പരാതിയും, പ്രസ്തുത ഭൂമി സീറോ ലാൻഡ് ഫെസ് സ്കീമിൽ ഉൾപ്പെട്ടതാണെന്ന കാസർഗോഡ് ജില്ലാ കളക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് തുടർ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. ഈ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മെ. ആഷാപുര മൈൻകെം ലിമിറ്റഡ്, ജീവൻ ഉദ്യോഗ് ബിൽഡിംഗ്, മൂന്നാം നില, 278 ഡി.എൻ.റോഡ്, ഫോർട്ട്, മുബൈ-400 001 എന്ന കമ്പനിയുടെ.

(സി) മൈനിംഗ് ലീസ് അനുവദിച്ച സ്ഥലം പുറമ്പോക്ക് ഭൂമി ആയതിനാൽ മിനറൽ കൺസഷൻ റൂൾസ് 1960-ലെ റൂൾ 22(3) ബി പ്രകാരം ഖനനം നടത്തുന്നതിന് മുമ്പായി ജില്ലാ കളക്ടറിൽ നിന്നും നിരാക്ഷേപ പത്രം, ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ് അംഗികരിച്ച മൈൻ പ്ലാൻ, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും സർവ്വേ മാപ്പ് എന്നിവ ഹാജരാക്കാത്തതിനാൽ ലീസ് ഡീഡ് എക്സിക്യൂട്ട് ചെയ്തിട്ടില്ല. ലീഡ് ഡീഡ് എക്സിക്യൂട്ട് ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി 22-11-2014-ൽ അവസാനിച്ചു. തുടർന്ന്, കമ്പനിക്ക് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടില്ല. ഈ പ്രദേശങ്ങളിൽ ഖനനം നടത്തുന്നതിനെതിരെ ഉയർന്നുവന്ന വന്നിച്ച പൊതുജന പ്രക്ഷോഭവും, ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ഉയർത്തിയ പ്രതിഷേധവും കണക്കിലെടുത്ത്, ടി ഖനനാനുമതി സർക്കാർ പുനഃപരിശോധിച്ചു വരികയാണ്. കൂടാതെ പരാമർശിത സ്ഥലം സീറോ ലാൻഡ് ലൈസ് സ്കീമിൽ ഉൾപ്പെട്ടതാണെന്നും ആയത് സ്വകാര്യ കമ്പനിക്ക് ഖനനത്തിന് വിട്ട് നൽകാവുന്നതല്ലെന്നും, കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചു. ആയതിനാൽ ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്താൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. റവന്യൂ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

ഹാൻഡെക്സ്- അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള തുണിത്തരങ്ങളുടെ സംഭരണം

259 (2497) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 ലും 2014-15 വർഷത്തിൽ ഇതുവരെയും, കേരളത്തിൽ ഉൽപാദിപ്പിക്കാത്ത തുണിത്തരങ്ങൾ, ഹാൻഡെക്സ് സംഭരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളുടെ, എത്ര രൂപയ്ക്കുള്ള തുണിത്തരങ്ങളാണ് ഇത്തരത്തിൽ സംഭരിച്ചിട്ടുള്ളത് ;

(സി) കേരളത്തിനകത്തുള്ള സംഘങ്ങളിൽ നിന്ന് മാത്രം തുണിത്തരങ്ങൾ സംഭരിക്കാതെ അന്യ സംസ്ഥാനങ്ങളിൽ നിന്ന് തുണിത്തരങ്ങൾ സംഭരിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly